# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1731 — 5/12/2014 ൽ മറുപടിയ്ക്ക്

## പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തിക്കുന്ന പച്ചക്കറികളിലും പഴങ്ങളിലും മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കീടനാശിനികളാണ് ഇവയിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്; ഇത്തരത്തിലുള്ള കീടനാശിനിപ്രയോഗം മൂലം മനുഷ്യർക്ക് എന്തൊക്കെ അസുഖങ്ങളാണ് പിടിപെടുന്നത് എന്ന് വിശദമാക്കാമോ;

(എ) ഉണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന പഴം, പച്ചക്കറികളിൽ ക്ലോർപൈറിഫോസ്, സൈപർമെത്രിൻ, എത്തയോൺ, മിഥെയിൽ പാരത്തയോൺ, പ്രൊഫനോഫോസ്, ക്യൂനാൽഫോസ്, ബൈഫൈൻത്രിൻ, ഫെൻപ്രൊപ്പോതിൻ, ലാംബ്ഡാ, സൈഹാലോത്രിൻ, ഫെൻവാലറേറ്റ് മുതലായ കീടനാശിനികളുടെ അവശിഷ്ടങ്ങൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കീടനാശിനി പ്രയോഗം മൂലം മനുഷ്യർക്ക് ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെടുന്നു.

(ബി) കീടനാശിനികൾ തളിച്ച പച്ചക്കറികൾ കേരളത്തിലേയ്ക്ക് എത്തുന്നത് തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; കേരളത്തിലേയ്ക്ക് എത്തുന്ന പച്ചക്കറികൾക്ക് എവിടെയൊക്കെയാണ് ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുന്നത്;

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന

പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരിശോധനയിൽ മാരകമായി കീടനാശിനി തളിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്ന പച്ചക്കറികളും പഴങ്ങളും നശിപ്പിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു മാർഗ്ഗത്തിലൂടെയാണ് ഇവ നശിപ്പിക്കുക; എത്ര ടൺ പച്ചക്കറികളും പഴങ്ങളുമാണ് ഇത്തരത്തിൽ നശിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

(സി) പരിശോധനയിൽ മാരകമായ കീടനാശിനി തളിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്ന പച്ചക്കറികളും പഴങ്ങളും നശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ